**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2359**

**08.12.2015 - ൽ മറുപടിക്ക്.**

## വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടികൾ

ചോദ്യം
ശ്രീ. എം. ഹംസ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വികസനത്തിനുവേണ്ടി വ്യവസായ വാണിജ്യ നയം ഭേദഗതി 2015 അംഗീകരിച്ചു. ഈ നയത്തിലൂടെ നിക്ഷേപകർക്കും സംരംഭകർക്കും വ്യവസായിക വികസനവും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. വ്യവസായത്തിനുള്ള ഭൂമിയുടെ ലഭ്യത വളരെ പരിമിതമാണ്. പാരിസ്ഥിതിക പ്രശ്നങ്ങളും നിലനിൽക്കുന്നു. വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദ – മലിനീകരണമില്ലാത്ത വ്യവസായിക മേഖലയെയാണ് സർക്കാർ കൂടുതൽ പ്രോത്സാഹിപ്പിക്കുക. കേരളത്തെ വ്യവസായ നിക്ഷേപക സൗഹൃദ സംസ്ഥാനമായി അവതരിപ്പിക്കുന്നതിനായി എമർജിങ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ചു. ഈ മേളയിൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് |

മു.പ്ര/07/12

→

& ഇൻഡസ്ട്രി മുഖാന്തിരം കേരളത്തിനു പുറത്തുനിന്നും 501 ബയർമാർ രജിസ്റ്റർ ചെയ്തു. ഇതിൽ 289 പേരും സ്പോട്ട് രജിസ്ട്രേഷൻ വഴി 154 പേരും ചേർത്ത് ആകെ 443 ബയർമാർ മേളയിൽ പങ്കെടുത്തു. അടുത്ത ബിസിനസ് ടു ബിസിനസ് മീറ്റ് 2016 ഫെബ്രുവരിയിൽ സംഘടിപ്പിക്കുന്നതാണ്.

സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, Skill Development Programme എന്നിവയും നടത്തി. ED Club (Entrepreneurship Development Club) -കൾ വഴി സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം വികസിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. വ്യവസായ ക്ലസ്റ്ററുകൾ വഴി ചെറുകിട വ്യവസായങ്ങൾക്ക് ധന സഹായവും നൽകി വരുന്നു. ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്ക്, Skill Development Programme, ഊർജിത വ്യവസായ വത്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപാലിറ്റി, ജില്ലാ തലങ്ങളിൽ നടത്തിവരുന്നു.

കേരളത്തിലെ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ് യുവ സംരംഭക സംഗമം (യെസ്) സംഘടിപ്പിച്ചത്. ഇതിന്റെ രണ്ടാം ഘട്ടമായി യെസ് ക്യാൻ 2015 -ഉം നടത്തി. വനിത സംരംഭകരെ

→

| | |
|---|---|
| | പ്രോത്സാഹിപ്പിക്കുന്നതിന് രൂപം കൊടുത്ത പദ്ധതിയാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വനിത സംരംഭകർക്ക് വ്യവസായ മീറ്റിങ്ങുകളും യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന്റെ സ്ഥാനം എത്രാമതാണ് ; | (ബി) : കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന് 4-ാം സ്ഥാനമാണുള്ളത്. |
| (സി) ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം ; എന്നാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കാമോ; | പാലാക്കാട് ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേന്ദ്ര നിക്ഷേപം ഉണ്ടായി; വിശദാംശം ലഭ്യമാക്കാമോ? | വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിനായി സർക്കാർ സമർപ്പിച്ച പദ്ധതികളെ സബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം [illegible]